# കുട്ടികളെ ഒറ്റയ്ക്കിരുത്തി പ്രേതസിനിമകൾ കാണാനനുവദിക്കരുത്



ഡോ. പി.എൻ സുരേഷ് കു
പ്രൊഫസർ ഓഫ് സൈക്യാ
കെ.എം.സി.ടി മെഡിക്കൽ കോളജ് കോഴി

"വർഷങ്ങൾക്കുമുമ്പ് ഇറങ്ങിയ വെള്ളിനക്ഷത്രം എന്ന മലയാളം സിനിമ ഒരു പ്രേതകഥയായിരുന്നു. അതിലെ കുഞ്ഞിനെ അനുകരിച്ച് പെരുമാറുന്ന കുട്ടികളും അക്കാലത്ത് ഉണ്ടായിരുന്നു. അതിനിടെ ഞങ്ങൾക്കുമുന്നിൽ തന്നെ ഒരു കേസ് എത്തി. സിനിമ കണ്ട ഒരു കുഞ്ഞ് നിർത്താതെ കരയുന്നതായിരുന്നു അത്. ഇന്നിപ്പോൾ ഹൊറർ സിനിമകൾ കുട്ടികൾക്ക് പുത്തരിയല്ല. പലരും അതിന് അടിമകൾതന്നെയാണ്. ദി മെെൻ, എക്സോർസിസ്റ്റ്, ഡ്രാക്കുള, നെെറ്റ്മെയർ ഓൺ എൽ സ്ട്രീറ്റ്, ഹാലോവീൻ...

തുടങ്ങിയ പ്രേതസിനിമകൾ കുട്ടികളുടെ മാത്രമല്ല, മുതിർന്നവരുടെയും പ്രിയ സിനിമകളാണ്. ഒന്നിൽകൂടുതൽ തവണ ചിത്രം കണ്ടാലും പിന്നെയും ടിവിയിൽ വരുമ്പോൾ കാണാതിരിക്കുന്നവരായിരിക്കും പലരും. എന്താണ് ഹൊറർ ചിത്രങ്ങളിലേക്ക് അവരെ ആകർഷിക്കുന്നതെന്നും അതിന്റെ പ്രത്യാഘാതങ്ങളെന്തെന്നും നിയന്ത്രിക്കുന്നതെങ്ങനെയെന്നും ഇത്തവണ നോക്കാം.



> "പേടിവരുമ്പോൾ രണ്ടുതരം പ്രതികരണമാണ് മനുഷ്യർക്കുണ്ടാകുക. fight response, flight response എന്നിവയാണവ. മനുകിൽ പേടിപ്പെടുത്തുന്ന വിഷയത്തിനെ നേരിട്ട് നമ്മൾ മുന്നോട്ടുപോകും. അതിനെ ഫൈറ്റ് റസ്പോൺസ് എന്നു പറയാം. അല്ലാതെ പേടിപ്പെടുത്തുന്ന വിഷയങ്ങളിൽ നിന്ന് ഓടിയൊളിച്ച് ഉൾവലിഞ്ഞ് പോകുന്നതിനെ ഫ്ളൈറ്റ് റസ്പോൺസ് എന്നും പറയാം. ഹൊറർ സിനിമയ്ക്ക് അടിപ്പെട്ട കുട്ടികൾ മിക്കവരും രണ്ടാമത്തെ വിഭാഗക്കാരായിരിക്കും.

ഗ്രീക്ക് ഫിലോസഫർ അരിസ്റ്റോട്ടിൽ പറയുന്നത് പ്രകാരമാണെങ്കിൽ ഇതൊരുതരം ഇമോഷണൽ കതാർസിസ് (emotional catharsis) ആണ്. അതായത്, ഒരുതരം വൈകാരിക ശുദ്ധീകരണം- നമ്മുടെ ഉള്ളിലെ പ്രതികൂല ചിന്തകളെയും മറ്റും പുറത്തേക്കെടുക്കുന്ന ഒരു പ്രവൃത്തി. ഇത് ഒരുവഴിയാണ്. മനുഷ്യ തലച്ചോറുകൾ സൂപ്പർ ആക്ടിവ് ബ്രെയിൻ ആണ്. അതായത്, സങ്കീർണമായ വികാരങ്ങളെ ഒരുപരിധിവരെ ആസ്വദിക്കുന്ന തലച്ചോറാണ് നമുക്ക്. ജിജ്ഞാസ, ആകാംക്ഷ എന്നിവയിൽ നിന്നുണ്ടാകുന്ന സംഘർഷം പരിധിവരെ നമ്മുടെ തലച്ചോർ ആസ്വദിക്കുന്നുണ്ട്. അതിനാൽ ഇത്തരം ഹൊറർ ചിത്രങ്ങളിൽ നമ്മൾ അടിപ്പെട്ടുപോകും.- ഇത് രണ്ടാമത്തെ കാരണം. ഇനി മറ്റൊന്നു കൂടിയുണ്ട്, ആവേശഭരിതമാകുന്ന (excitement) മാനസികാവസ്ഥ. ഓരോ സീനും മാറി വരുമ്പോൾ, അടുത്തതെന്ത് സംഭവിക്കും എന്ന ആകാംക്ഷയിൽ ഉണ്ടാകുന്ന വികാരാവേശം ആസ്വദിക്കുന്ന സ്ഥിതി നമുക്ക് അഡിക്ഷനുണ്ടാക്കും. സെൻസേഷൻ സീക്കിങ് ആണ് വേറൊരുകാരണം. എന്തിലും അസാധാരണമായത് കണ്ടെത്തി, അതിൽ അഭിരമിക്കുക. പുതുമ തേടുന്ന സ്വഭാവത്തിന്റെ ഭാഗമാണത്.

ഇതെല്ലാം മാനസികമായി സംഭവിക്കുന്നതാണ്. ജൈവികമായി സംഭവിക്കുന്ന ഒന്നാണ് Adrenaline rush. നമ്മുടെ അധിവൃക്കാ ഗ്രന്ഥികൾ ഉത്പാദിപ്പിക്കുന്ന ഹോർമോണുകൾ വർധിക്കുന്നതാണ് അഡ്രിനാലിൻ റഷ്. ശ്വാസമടക്കിപ്പിടിച്ച് ടെൻഷനടിച്ച് ഒരു സിനിമ കാണുമ്പോൾ അഡ്രിനാലിൻ ഉത്പാദനം ഏറും. ഇതു നമുക്ക് അറിയാൻ പറ്റും. നെഞ്ചിടിപ്പ് കൂടുക, കൈ വിറയ്ക്കുകയോ വിയർക്കുകയോ ചെയ്യുക, വായ ഉണങ്ങുക, മൂത്രമൊഴിക്കാൻ തോന്നുക എന്നിങ്ങനെ വികാരങ്ങൾ തോന്നിക്കുന്ന അവസ്ഥയാണ് അഡ്രിനാലിൻ റഷ്. ഇത് പലരും ആസ്വദിക്കുന്നു. കൗമാരക്കാരാണ് ഇതിൽ കൂടുതൽ തൽപരർ. ശ്രദ്ധിച്ചിട്ടില്ലേ, അമ്യൂസ്മെന്റ് പാർക്കിലും മറ്റും പോയാൽ ഇത്തരക്കാർ ജൈന്റ് വീൽ പോലുള്ള സാഹസികറൈഡുകളിൽ താൽപര്യം കാണിക്കും. ഏറെ സാഹസികതയാണ് അവർ തെരഞ്ഞെടുക്കുന്നത്. മുതിർന്നവരിലും ഇതേ സ്വഭാവമുണ്ട്. ഇത്തരം സിനിമകൾ കാണുന്ന വലിയവരിൽ ഉറക്കക്കുറവ്, അമിതമായ ആകാംക്ഷ, സ്വയം മുറിവേൽപിക്കൽ, ആക്രമണോത്സുകത എന്നിവ കൂടാം. ചെറിയ കുട്ടികളിലാണെങ്കിൽ ഇരുട്ടിനെ ഭയം, എപ്പോഴും അമ്മ കൂടെ വേണം, കരച്ചിൽ, ഭക്ഷണം വേണ്ട എന്നിങ്ങനെ പ്രശ്നങ്ങൾ കാണാം. അഡിക്ഷനുള്ളവർ കഥാപാത്രങ്ങളാകാൻ ശ്രമിക്കും, വയലന്റാകും. കാര്യങ്ങൾ സാധിക്കാൻ സിനിമയിലെ രംഗങ്ങൾ ആവർത്തിക്കും. ഒടുവിൽ പഠനത്തെ പോലും പ്രതികൂലമായി ബാധിക്കും. ഇത്തരം ചിത്രങ്ങളിലെ വയലൻസ് കുട്ടികൾ വേഗം പഠിക്കും. പിന്നീട് സ്വന്തം ആവശ്യങ്ങൾ നേടിയെടുക്കാൻ അക്രമസ്വഭാവം കാണിക്കും.

## തകിടംമറിയുന്ന മനസ്സ്

ഇത്തരം സിനിമകളുടെ നെഗറ്റീവ് ഇഫക്ട് ഇവരിൽ ഒരുതരം പൊരുത്തക്കേട് (Inappropriate) സ്വഭാവം കാണിക്കും. അതായത്, വികാരങ്ങൾ നിയന്ത്രിക്കാനാകാത്ത അവസ്ഥ. ഉദാഹരണത്തിന്, ദുഃഖാവസ്ഥയിൽ ചിരിക്കുക, സന്തോഷാവസ്ഥയിൽ കരയുക എന്നിങ്ങനെ ഒരു തകിടംമറിച്ചിൽ. അതുമല്ലെങ്കിൽ വൈകാരികത മരവിച്ച (emotional numbness) അവസ്ഥയുണ്ടാകാം. ഇക്കൂട്ടർ വികാരരഹിതമായി കാണും എല്ലാത്തിനെയും. യഥാർഥജീവിതത്തിൽ എന്തിനോടെങ്കിലും പ്രതികരിക്കാനുള്ള ശേഷി കുറയും. ഇത്തരം കുട്ടികളുടെ പ്രത്യേകതയെന്തെന്നാൽ ഒരു കാര്യത്തെപ്പറ്റി, അല്ലെങ്കിൽ വ്യക്തിയെപ്പറ്റി രണ്ടേ രണ്ട് വീക്ഷണത്തിലേ കാണാനാകൂ. ഒന്ന് നല്ലത്, അല്ലെങ്കിൽ ചീത്തത് (Black or White). ഇതിനിടയിൽ ഒരു മയത്തിൽ മിതമായി കാര്യങ്ങളെ കാണാൻ അവർക്കാവില്ല. ഒരു വ്യക്തിയെപ്പറ്റി കുട്ടി ധരിച്ചുവച്ചതിനു വിപരീതമായി നമ്മൾ പറഞ്ഞുമനസ്സിലാക്കാൻ ശ്രമിച്ചാൽ അതിനു ശ്രമിക്കുന്നയാളെ പോലും മോശമായി കരുതിക്കളയും അവർ.

## പേടിച്ച്.. പേടിച്ച്...

ഹൊറർ ചിത്രങ്ങൾ യഥാർഥത്തിൽ തലച്ചോറിന്റെ പ്രവർത്തനത്തെ ബാധിക്കും. പേടി, ഭയം എന്നീ വികാരങ്ങൾ ഉത്പാദിപ്പിക്കുന്ന തലച്ചോറിന്റെ ഭാഗമാണ് Amygdala. നമ്മൾ കാണുന്ന സിനിമയിലൂടെ ഈ അമിഗ്ദലയിൽ എത്തുന്ന ഭയം ചിലപ്പോൾ ദീർഘകാലത്തേക്കുള്ളതായി മാറുന്നു. അങ്ങനെയാണ് പലപേടികളും നമ്മിൽ സ്ഥിരപ്പെടുന്നത്. നിഴലുകാണുമ്പോഴുള്ള ഭയമൊക്കെ കുട്ടികളെ അങ്ങനെ കൂടുതലായി ബാധിക്കും. 2-7വയസ്സുവരെ കുട്ടികളെ ഹൊറർ സിനിമകൾ കാണിക്കരുത്. വളരെ ചെറുപ്പത്തിൽമുതൽ കാണുന്നവർക്ക് ദീർഘകാലം വരെയുള്ള ഫോബിയ ഉണ്ടാകും. ഇരുട്ട്, ഒറ്റയ്ക്കിരിക്കൽ എന്നിവ പേടിയാകും. ഹൊറർ ചിത്രം കണ്ട് ഹൃദയാഘാതം വന്ന് മരിച്ചുപോയ റിപ്പോർട്ടുകൾ വരെ വന്നിട്ടുണ്ട്. അഡ്രിനാലിൻ റഷ് താങ്ങാനാകാതെ വരുന്നതാണത്. നെഞ്ചിടിപ്പ് കൂടുമ്പോൾ രക്തത്തിന്റെ പമ്പിങ്

കൂടും, ചിലപ്പോൾ ശ്വാസകോശത്തിലേക്ക് മതിയായ വായു കിട്ടാതെ വരും. കണ്ണിലെ കൃഷ്ണമണി വികസിക്കും. അങ്ങനെ ഹൃദയപ്രവർത്തനം നിലയ്ക്കുന്ന അവസ്ഥയുണ്ടാകും.

### ഫൈറ്റും ഫ്ളൈറ്റും

പേടിവരുമ്പോൾ രണ്ടുതരം പ്രതികരണമാണ് മനുഷ്യർക്കുണ്ടാകുക. fight response, flight response എന്നിവയാണവ. ഒന്നുകിൽ പേടിപ്പെടുത്തുന്ന വിഷയത്തിനെ നേരിട്ട് നമ്മൾ മുന്നോട്ടുപോകും. അതിനെ ഫൈറ്റ് റസ്പോൺസ് എന്നു പറയാം. അല്ലാതെ പേടിപ്പെടുത്തുന്ന വിഷയങ്ങളിൽ നിന്ന് ഓടിയൊളിച്ച് ഉൾവലിഞ്ഞ് പോകുന്നതിനെ ഫ്ളൈറ്റ് റസ്പോൺസ് എന്നും പറയാം. ഹൊറർ സിനിമയ്ക്ക് അടിപ്പെട്ട കുട്ടികൾ മിക്കവരും രണ്ടാമത്തെ വിഭാഗക്കാരായിരിക്കും. ഇതിൽ പക്ഷേ കുട്ടിക്കാലം മുതലുള്ള ശീലങ്ങൾ ബാധിക്കും. അച്ഛനമ്മമാരുടെ ധൈര്യവും ഭയവും എല്ലാം കുട്ടികളിലും പ്രതിഫലിക്കും. എന്തെങ്കിലും അടിയന്തര സാഹചര്യങ്ങളിൽ നേരിടണോ ഓടിപ്പോകണോ ഏത് സ്വീകരിക്കണം എന്ന ആശയക്കുഴപ്പം കുട്ടികളിൽ കാണാം. ഹൊറർ സിനിമകളുടെ അഡിക്ഷനാണ് ഇതിനു കാരണം.

### ഒറ്റയ്ക്ക് വേണ്ട

കുട്ടികളെ ഒറ്റയ്ക്കിരുത്തി പ്രേതസിനിമകൾ കാണാനനുവദിക്കരുത്. ഇതെല്ലാം കെട്ടുകഥകളാണെന്നും യഥാർഥജീവിതം ഇതല്ലെന്നും അവർക്ക് പറഞ്ഞുകൊടുക്കണം. കാണുന്നതിൽ കുഴപ്പമില്ല. പക്ഷേ കഥാപാത്രങ്ങളാകാൻ ശ്രമിക്കുന്നത് അപകടമാണെന്ന് വ്യക്തമാക്കിക്കൊടുക്കണം.




## അഡ്വ. സുരേഷ് ബാബു മാങ്ങാട്

**ഞാൻ** തിരുവനന്തപുരം സ്വദേശിയാണ്. കുടുംബസമേതം ഒരു വിദേശയാത്രയ്ക്കായി ഡൽഹിയിലുള്ള ഒരു ട്രാവൽ ഏജൻസി വഴി തിരുവനന്തപുരത്തുനിന്നും ആറ് സീറ്റുകൾ ബുക്ക് ചെയ്തിരുന്നു. അവരുടെ നിയമപ്രകാരം യാത്രയ്ക്ക് 30 ദിവസത്തിനുമുമ്പാണ് യാത്ര റദ്ദ് ചെയ്യുന്നത് എങ്കിൽ ഒരു വ്യക്തിക്ക് 1000 രൂപ എന്ന നിരക്കിൽ അവരുടെ സേവന തുകയെടുത്ത് ബാക്കി മുഴുവൻ തുക തിരിച്ചുതരണം. എന്റെ അച്ഛന്റെ അപ്രതീക്ഷിത മരണത്തെത്തുടർന്ന് ഞങ്ങളുടെ യാത്ര റദ്ദ് ചെയ്യേണ്ടിവന്നു. ഇപ്പോൾ പണം തിരിച്ചുചോദിക്കുമ്പോൾ ഏജൻസി പറയുന്നത് അവർ പലയിടങ്ങളിലും ഹോട്ടൽമുറികൾ ബുക്ക് ചെയ്തു പോയതിനാൽ പകുതി പണം മാത്രമേ തിരിച്ചുതരികയുള്ളൂ എന്നാണ്. ഞാൻ ട്രിപ്പ് റദ്ദ് ചെയ്തത് യാത്രയ്ക്ക് 45 ദിവസം മുമ്പാണ്. ആയതിനാൽ എനിക്ക് അവരുടെ നിയമപ്രകാരമുള്ള തുക കഴിച്ച് ബാക്കി തുക ലഭിക്കാൻ നിയമപരമായി അവകാശമുണ്ടോ? ഉണ്ടെങ്കിൽ എവിടെയാണ് ഞാൻ കേസ് ഫയൽ ചെയ്യേണ്ടത്. ട്രാവൽ ഏജൻസിയുടെ ഓഫീസ് ഡൽഹിയിൽ ആയതിനാൽ അവിടെ കേസ് ഫയൽ ചെയ്യണമെന്ന് പറയുന്നത് ശരിയാണോ.

**ചന്ദ്രശേഖരൻ നായർ**
വട്ടിയൂർക്കാവ് തിരുവനന്തപുരം

തീർച്ചയായും നിയമപരമായി ആ പണം നിങ്ങൾക്ക് തിരിച്ചുവാങ്ങാനുള്ള അവകാശമുണ്ട്. അവരുടെ കരാർപ്രകാരം 1000 രൂപവച്ച് എടുത്ത് ബാക്കി മുഴുവൻ തുകയും നിങ്ങൾക്ക് മടക്കിത്തരുവാൻ ആ ട്രാവൽ ഏജൻസിക്ക് നിയമപരമായ ബാധ്യതയുണ്ട്. നിങ്ങളുടെ കേസ് സർവീസുമായി ബന്ധപ്പെട്ട കാര്യമായതിനാൽ നിങ്ങൾ കേസ് ഫയൽ ചെയ്യേണ്ടത് കൺസ്യൂമർ കോടതിയിലാണ്. കൺസ്യൂമർ കേസ് ഫയൽ ചെയ്യാൻ അഡ്വക്കേറ്റിന്റെ സേവനം ആവശ്യമില്ല. നിങ്ങൾക്ക് നേരിട്ടുതന്നെ ഫയൽ ചെയ്യാവുന്നതാണ്. വിശദമായ ഒരു പരാതി തയ്യാറാക്കി അതോടൊപ്പം നിങ്ങൾ നൽകിയ പേയ്മെന്റ് രസീതികളും അവരുടെ നിയമാവലിയുമൊക്കെ ചേർത്ത് കൺസ്യൂമർ കോടതിയിൽ ഫയൽ ചെയ്യണം. കൺസ്യൂമർ കോടതിയിൽ കോർട്ട്ഫീസ് ആവശ്യമില്ല. സംഭവം നടന്ന് രണ്ടുവർഷത്തിനകം കേസ് ഫയൽ ചെയ്തിരിക്കണം. നിങ്ങളുടെ പരാതിയിൽ പറയുന്ന തുക 20 ലക്ഷത്തിനുള്ളിൽ ആണെങ്കിൽ ജില്ലാ കൺസ്യൂമർ കോടതിയിലും 20 ലക്ഷം മുതൽ ഒരുകോടി വരെയാണ് വരുന്നതെങ്കിൽ കൺസ്യൂമർ സ്റ്റേറ്റ് ഫോറത്തിലുമാണ് ഫയൽ ചെയ്യേണ്ടത്. അവകാശ തുക ഒരു കോടിക്ക് മുകളിലാണെങ്കിൽ കൺസ്യൂമർ നാഷണൽ ഫോറത്തിലും പരാതി ഫയൽ ചെയ്യാം. നിങ്ങൾക്ക് ട്രാവൽ ഏജൻസിയിൽ നിന്നും തിരിച്ച കിട്ടാനുള്ള തുക പലിശയോട് ചേർത്ത് ആവശ്യപ്പെടുന്നതോടൊപ്പം നിങ്ങൾക്കുണ്ടായിട്ടുള്ള മാനസിക വിഷമങ്ങൾക്ക് നഷ്ടപരിഹാരവും കൺസ്യൂമർ കോടതിമുഖാന്തരം ആവശ്യപ്പെടാവുന്നതാണ്. കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് -1986 പ്രകാരം കൺസ്യൂമർ കോടതിക്ക് വിപുലമായ അധികാരങ്ങളാണ് ഉള്ളത്. കോടതിക്ക് നഷ്ടപരിഹാരം വിധിക്കുന്നതിനൊപ്പം മൂന്നുവർഷംവരെ തടവിനു വിധിക്കാനുള്ള അവകാശവുമുണ്ട്. നിങ്ങളുടെ മറ്റൊരു സംശയം കേസ് എവിടെ ഫയൽ ചെയ്യണം എന്നതാണ്. സാധാരണഗതിയിൽ നിങ്ങൾ കേസ് ഫയൽ ചെയ്യേണ്ടത് ഡൽഹിയിൽ ആണെങ്കിലും നിങ്ങൾ സീറ്റുകൾ ബുക്ക് ചെയ്തത് തിരുവനന്തപുരത്തുനിന്നായതിനാൽ തിരുവനന്തപുരം ജില്ലാ കൺസ്യൂമർ ഫോറത്തിലോ അവകാശ തുക 20 ലക്ഷത്തിനുമുകളിലാണെങ്കിൽ തിരുവനന്തപുരത്തുതന്നെയുള്ള സ്റ്റേറ്റ് കൺസ്യൂമർ ഫോറത്തിലോ ഫയൽ ചെയ്യാം.